# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2877 — 20-03-2015-ൽ മറുപടിക്ക്

### നെല്ല് സംഭരണം

ചോദ്യം — ഉത്തരം

ശ്രീ.തോമസ് ചാണ്ടി.

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇക്കഴിഞ്ഞ രണ്ടാം കൃഷിയ്ക്ക് കുട്ടനാട്ടിലെ എത്ര നെൽ കർഷകരിൽ നിന്നും എത്ര ക്വിന്റൽ നെല്ല് സംഭരിച്ചുവെന്നും എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കുമോ; | (എ) | 2014-15 രണ്ടാം സീസണിൽ കുട്ടനാട്ടിലെ 33600 നെൽ കർഷകരിൽ നിന്നും ഇതുവരെ സപ്ലൈകോ 73460 ക്വിന്റൽ നെല്ല് സംഭരിച്ചു. ഇതിൽ 17.03.2015 വരെ 3,18,01,098/- രൂപ കർഷകർക്ക് നൽകി. |
| (ബി) | എത്ര തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 10,77,72,902/- രൂപ കർഷർക്ക് നൽകാനുണ്ട്. കർഷകരുടെ PRS വേരിഫിക്കേഷൻ നടത്തി ആയതിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| (സി) | വിളവെടുത്ത മുഴുവൻ നെല്ലും സിവിൽ സപ്ലൈസ് മുഖാന്തിരം സംഭരിച്ച് കർഷകരെ സഹായിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (സി) | കേന്ദ്ര സർക്കാറിന്റെ വികേന്ദ്രീകൃത നെല്ലു സംഭരണ പദ്ധതി പ്രകാരമാണ് സംസ്ഥാനത്തെ കർഷകരിൽ നിന്ന് നെല്ലു സംഭരിക്കുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന നിശ്ചിത ഗുണനിലവാരമുള്ള നെല്ല് മാത്രമാണ് സംഭരിക്കേണ്ടത്. സപ്ലൈകോയിൽ രജിസ്റ്റർ ചെയ്യുന്ന കർഷകരുടെ നിശ്ചിത ഗുണനിലവാരമുള്ള നെല്ല് സപ്ലൈകോ സംഭരിച്ചു വരുന്നു. |
| (ഡി) | നെൽ കർഷകരുടെ തുക നെൽ സംഭരണത്തിനു ശേഷം അടിയന്തരമായി ലഭ്യമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | നെല്ല് സംഭരിച്ച ശേഷം കർഷകർക്ക് നെൽവില ലഭ്യമാക്കുന്നതിനായി സപ്ലൈകോ കാനറബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതുമേഖലാ ബാങ്കുകളും പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി ധാരണാ പത്രം ഉണ്ടാക്കുകയും അത് പ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം കർഷകരുടെ അക്കൗണ്ടുകളിലേക്ക് നൽകി വരുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് |

| | | | |
|---|---|---|---|
| | | | ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്. കൂടാതെ ബാങ്കുകളിൽ നിന്നും ഓവർഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെൽവില നൽകി വരുന്നു.<br><br>നെല്ല് കരാറിലേർപ്പെട്ട മില്ലുകാർ നെല്ല് സ്വീകരിച്ചു കഴിഞ്ഞ് പേയ്മെന്റ് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നത് വരെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് (മില്ലുകൾ സ്റ്റോക്ക് accept ചെയ്ത്, പാഡി മാർക്കറ്റിംഗ് ഓഫീസർ PRS വേരിഫൈ ചെയ്ത്, പാഡി പേയ്മെന്റ് ഓഫീസർ authorize ചെയ്ത് ഓരോ കർഷകരുടേയും തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നത് വരെ) ഏകദേശം 10 ദിവസം വേണ്ടി വരും. ഈ കാലതാമസം മാത്രമാണ് നടപ്പ് സീസണിൽ നെൽ വില നൽകുന്നതിന് വരുന്നത്. |

**സെക്ഷൻ ഓഫീസർ**